Break the chain

# കേരളസർവകലാശാല

നം.പി.ആർ.264/2022

## <u>പത്രക്കുറിപ്പ്</u>

### കേരളസർവകലാശാല: ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022
### ഇ.ഡബ്യ്യൂ.എസ്, സെൻട്രലൈസ്ഡ് സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 17–ന്

ബഹു: കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ., സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള ഇ.ഡബ്യ്യൂ.എസ്. സീറ്റുകളിലേക്ക് സെൻട്രലൈസ്ഡ് സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 17 ന് പാളയം യൂണിവേഴ്സിറ്റി സെനറ്റ്ഹാളിൽ വച്ച് നടത്തുന്നു. നിലവിൽ ബി.എഡ്. കോഴ്സിന് അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർത്ഥികളെ ടി സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയം രാവിലെ 9.30 മണി മുതൽ 10.30 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10.30 ന് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

ഇ.ഡബ്യ്യൂ.എസ്. വിഭാഗക്കാർ ടി സംവരണം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് സമർപ്പിക്കാൻ സാധിക്കാത്ത പക്ഷം ടി വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

ടി.സി കൈവശം കരുതാത്ത വിദ്യാർത്ഥികൾ അലോട്ട്മെന്റ് നേടുന്നതിനുള്ള പ്രാഥമിക യോഗ്യതയിൽ നിന്നുതന്നെ പുറത്താകുന്നതാണ്. അലോട്ട്മെന്റിന്റെ അവസാന ഘട്ടത്തിലും ഒഴിവുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സ്പോട്ട് രജിസ്ട്രേഷൻ നടത്തി ഒഴിവുകൾ നികത്തുന്നതാണ്.

### കേരളസർവകലാശാല: ഒന്നാം വർഷ ബിരുദ ,ബിരുദാനന്തരബിരുദ പ്രവേശനം – 2022
### അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളുടെ പരാതി - സംബന്ധിച്ച്

ചില സാങ്കേതിക കാരണങ്ങളാൽ കോളേജ് തല സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ സാധിക്കാത്തതിനാലും ഇതുവരെയും രജിസ്റ്റർ ചെയ്യാത്തതിനാലും അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾ സർവകലാശാലയ്ക്ക് പരാതി നൽകിയിരുന്നു. ഇത്തരത്തിൽ പരാതി സമർപ്പിച്ച വിദ്യാർത്ഥികൾക്ക് ഡിസംബർ 15 ന് 5 മണിക്ക് മുമ്പായി അതാത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാവുന്നതാണ്.

കോളേജിലെ നിലവിലുള്ള ഒഴിവുകളുടെയും യോഗ്യത മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ. നിലവിൽ കേരളസർവകലാശാലയ്ക്ക് കീഴിൽ ഏതെങ്കിലും കോളേജുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇത് ബാധകമല്ല.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ടി.സി. എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്

## പ്രാക്ടിക്കൽ/വൈവ വോസി

കേരളസർവകലാശാല 2023 ജനുവരി 4 മുതൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർസയൻസ്/ബി.സി.എ. (എസ്.ഡി.ഇ. – റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017, 2018 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്., ജൂലൈ 2022 (2013 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 'സർവേയിംഗ് II' പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 21 ന് പൂജപ്പുര എൽ.ബി.എസ്.ഐ..ടി.ഡബ്ല്യൂ.വിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നാനോസയൻസ്, എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സ്പേസ് ഫിസിക്സ് പരീക്ഷകളുടെ പ്രാക്ടിക്കൽ, വൈവ വോസി എന്നിവ ഡിസംബർ 16, 17, 19, 20, 21 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതായത് പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് 2022 ഡിസംബർ 15 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 സെപ്റ്റംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ജിയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതാത് പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് 2022 ഡിസംബർ 16 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം,
13.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**